DESPATCHED On.20-05-20

31/01/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP No.874(4)/2018/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.3852/എസ്.ഐ.സി-ജി 2/2018)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജോൺ ഗാൽബെർട്ട് ഡി. നെറ്റോ,
lovedale, TC 49/2410,
നേമത്തുകോണം, നേമം ശിവൻകോവിൽ റോഡ്,
നേമം പി.ഒ, തിരുവനന്തപുരം- 695 020. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഡെപ്യൂട്ടി മാനേജർ (പി&എ),
ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്,
നാട്ടകം, കോട്ടയം- 686 013.

2. അപ്പീൽ അധികാരി &
ചീഫ് മാനേജർ (ഒ),
ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്,
നാട്ടകം, കോട്ടയം- 686 013.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16.02.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.03.2018 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21.03.2018 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.04.2018 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.04.2018 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13.04.2018 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിക്കു നൽകിയ വിവരാവകാശ അപേക്ഷയിൽ, കോട്ടയത്തെ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ആക്കുളത്ത് ഏറ്റെടുത്ത പ്രോജക്ട് വർക്കുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ട വിവരങ്ങളും രേഖകളും കൃത്യമായി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് എതിർകക്ഷികളോട് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ 06.04.2019 ൽ ആവശ്യപ്പെട്ടു. 29.04.2019 ൽ ഒന്നാം എതിർകക്ഷി റിപ്പോർട്ട് നൽകി. 16.02.2018 ലെ വിവരാവകാശ അപേക്ഷയ്ക്ക് 15.03.2018 ൽ മറുപടി നൽകിയിരുന്നുവെന്നും, പിന്നീട് ടിയാന്റെ, 22.03.2018 ലെ ഒന്നാം അപ്പീലിന്മേൽ നേരിൽ കേൾക്കുന്നതിന് 04.04.2018 രാവിലെ 10.30 ന് അപ്പലേറ്റ് അതോറിറ്റിയുടെ ഓഫീസിൽ ഹാജരാകണമെന്ന് അറിയിച്ചിരുന്നുവെന്നും, ആരോഗ്യപരമായ കാരണങ്ങളാൽ ഹാജരാകാൻ സാധിക്കാത്ത വിവരം കാണിച്ച് ശ്രീ. ജോൺ ഗിൽബർട്ട് ഡി. നെറ്റോ (അപ്പീൽ ഹർജിക്കാരൻ) 03.04.2018 ൽ കത്ത് നൽകിയിരുന്നുവെന്നും, 04.04.2018 ൽ ടിയാന്റെ അഭാവത്തിൽ അപ്പീൽ പരിഗണിച്ച് മറുപടി നൽകുന്നതിനായി ശ്രീ. അനിൽകുമാർ. ബി, സീനിയർ മാനേജർ (P& O)യെ Deemed Information Officer ആയി നിയമിച്ചുകൊണ്ട് ഉത്തരവായിയെന്നും, ഇതിനുള്ള മറുപടികൾ 12.04.2018, 14.05.2018 എന്നീ തീയതികളിൽ നൽകിയിരുന്നുവെന്നും റിപ്പോർട്ടിൽ പറഞ്ഞു. ഈ മറുപടികളുടെ പകർപ്പുകളും റിപ്പോർട്ടിനൊപ്പം ഹാജരാക്കുകയുണ്ടായി.

3. ഇതിന് ശേഷം കമ്മീഷൻ 17.10.2019 ൽ കോട്ടയം ജില്ലാ പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരനുവേണ്ടി ടിയാൻ ചുമതലപ്പെടുത്തിയതനുസരിച്ച് ടിയാന്റെ ഭാര്യ ശ്രീമതി മീനു ജോണും, ഒന്നാം എതിർകക്ഷിയും ഹാജരായി.

4. അപ്പീൽ ഹർജിക്കാരൻ, എതിർകക്ഷിയുടെ ഓഫീസിലെ ജീവനക്കാരനാണെന്നും, താൻ വിവരാവകാശ അപേക്ഷ നൽകിയതിന്റെ പേരിൽ തിരുവനന്തപുരത്തു നിന്ന് കാക്കനാട്ടേക്ക് സ്ഥലം മാറ്റിയെന്നും ഹിയറിംഗിൽ പറഞ്ഞു. തന്റെ ഒന്നാമത്തെ ചോദ്യത്തിന് TCL, IMS Shipping Mumbai എന്ന സ്ഥാപനവുമായി കരാർ ഒപ്പിട്ടിട്ടുണ്ടെന്നും ഇതിന്റെ കോപ്പി ഉള്ളടക്കം ചെയ്യുന്നുവെന്നും പറയുന്നുവെങ്കിലും, കോപ്പി നൽകിയില്ല എന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. ചോദ്യം നമ്പർ 18, 19 എന്നിവയ്ക്ക് ഒരുത്തരവും നൽകിയിട്ടില്ലെന്നും, തന്നവയിൽത്തന്നെ ഏറിയ പങ്കും blank papers കളും, ചോദിക്കാത്ത documents ഉം ഒക്കെയാണെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. അതുപോലെ, 12.02.2018 ലെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന അവലോകന യോഗത്തിന്റെ പകർപ്പും നൽകിയില്ല. വിവരാവകാശ അപേക്ഷ നൽകിയതിന്റെ പേരിൽ തനിക്ക് സർവ്വീസ് സംബന്ധമായി ഏറെ പീഢനങ്ങൾ നേരിടേണ്ടി വന്നുവെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു.

5. നേരത്തെ റിപ്പോർട്ടിൽ സൂചിപ്പിച്ച കാര്യങ്ങളല്ലാതെ, ഹിയറിംഗിൽ അപ്പീൽ ഹർജിക്കാരന്റെ ഭാഗത്തുനിന്നുന്നയിച്ച ആരോപണങ്ങൾക്കൊന്നും കൃത്യമായ മറുപടി പറയാൻ ഒന്നാം എതിർകക്ഷിക്കു സാധിച്ചില്ല.

6. ഇരുകക്ഷികളുടെയും മൊഴികളും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

1. വിവരാവകാശ അപേക്ഷ നൽകിയതിന്റെ പേരിൽ സർവ്വീസിൽ താൻ പീഡിപ്പിക്കപ്പെട്ടു എന്നതിന്റെ ന്യായാന്യായങ്ങളിലേക്ക് കടക്കാൻ കമ്മീഷൻ ഉദ്ദേശിക്കുന്നില്ല. ഇത് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്ന കാര്യവുമല്ല.
2. എന്നാൽ അപ്പീൽ ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി കൃത്യമായി നൽകിയിട്ടില്ല എന്നത്

ഗൗരവമുള്ള കാര്യമാണ്. ആവശ്യപ്പെട്ട രേഖകളും പൂർണമായി നൽകിയിട്ടില്ല എന്നു കമ്മീഷൻ മനസിലാക്കുന്നു.

3. ആയതുകൊണ്ട്, ഈ ഉത്തരവ് ലഭിച്ച് 15 ദിവസത്തിനുള്ളിൽ, അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളും, രേഖകളുടെ പകർപ്പുകളും പൂർണമായും സൗജന്യ മായി ടിയാന് നൽകണമെന്നും, ഇക്കാര്യം കമ്മീഷനെ അറിയിക്കണ മെന്നും നിർദേശിക്കുന്നു.

4. ഇതോടൊപ്പം, അപേക്ഷ സമർപ്പിച്ച ഘട്ടത്തിൽത്തന്നെ സമയബ ന്ധിതമായി, കൃത്യമായ മറുപടി നൽകുന്നതിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ അതിന് നടപടിയെടുക്കാ തിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതും മേല്പറഞ്ഞ കാലയളവി നുള്ളിൽ കമ്മീഷനെ അറിയിക്കേണ്ടതാണെന്നും നിർദേശിച്ചുകൊണ്ട് അപ്പീൽ ഹർജി ഇന്നേദിവസം 31.01.2020 ന് താത്ക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**കെ.വി. സുധാകരൻ,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re